**പതിമൂന്നാം കേരള നിയമസഭ**
**<u>പതിമൂന്നാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 621**

**10.03.2015 - ൽ മറുപടിക്ക്**

## പരിസ്ഥിതി സൗഹൃദ വ്യവസായ വികസനം

<u>ചോദ്യം</u>
ശ്രീ. കെ. അച്ചുതൻ
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. വി.ഡി. സതീശൻ

**<u>മറുപടി</u>**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായ വികസനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ : | (എ) : ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) : <u>ബി, സി & ഡി</u> |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് നിലവിലുള്ള വ്യവസായങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ; | (സി) : ജൈവവൈവിധ്യവും പ്രകൃതി സൗന്ദര്യവും നിറഞ്ഞ കേരളത്തിന് പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങളാണ് അനുയോജ്യമായത്. 'ക്ലീൻ & ഗ്രീൻ' വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പഠനം നടത്തുന്നതിനും 'ഗ്രീൻ പോളിസി'ക്കു രൂപം കൊടുക്കുന്നതിനുമുള്ള നടപടികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നിലവിലുള്ള വ്യവസായങ്ങൾക്ക് കൂടുതൽ പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകളിലേക്ക് മാറുന്നതിനുള്ള അനുകൂല സാഹചര്യം ലഭ്യമാകുന്നതാണ്. |
| (ഡി) ഇത് സംബന്ധിച്ച് സംസ്ഥാനത്ത് ഒരു നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഡി) : |

സെക്ഷൻ ഓഫീസർ.